പ്രവർത്തനം ഊർജിതപ്പെടുത്തുകയും വേണം. ബിബ്ളിയോഗ്രാഫി തയ്യാറാക്കിക്കഴിഞ്ഞ മലയാളത്തിലും, അതിൽ വിട്ടുപോയവ കൂട്ടിച്ചേർക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരണം; അതാതു വർഷത്തെ പ്രസിദ്ധീകരണങ്ങളുടെ പൂർണവിവരം അടുത്ത വർഷത്തിൽത്തന്നെ ലഭ്യമാക്കുവാനും സാധിക്കണം. കേന്ദ്രഗവണ്മെൻറാണ് ഈ പ്രവർത്തനത്തിന് ഉത്തരവാദപ്പെട്ടിരിക്കുന്നതു്.

മേൽ വിവരിച്ച പ്രവർത്തനങ്ങൾ നടക്കുന്നില്ലെങ്കിൽ, സ്ഥിതി എന്തായിരിക്കും? സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് പ്രസിദ്ധീകരിച്ച മിക്ക ഇന്ത്യൻ പുസ്തകങ്ങളും ലണ്ടനിൽ, ബ്രിട്ടീഷ് മ്യൂസിയത്തിലും ഇന്ത്യാ ഓഫീസ് ലൈബ്രറിയിലും, ലഭ്യമായിരിക്കെ, സ്വതന്ത്രഭാരതത്തിൽ പ്രസിദ്ധീകരിച്ച പുസ്തകങ്ങളെപ്പററി അറിയുവാൻ നമുക്ക് ഒരു മാർഗവുമില്ലെന്ന നിലയാണ് അപ്പോൾ വന്നുകൂടുക. തീർച്ചയായും ഈ സ്ഥിതി നമുക്ക് അഭിമാനകരമായിരിക്കുകയില്ല. അടിയന്തിരപ്രാധാന്യമുള്ള ഈ വിഷയത്തിൽ പുസ്തകപ്രേമികളുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

(17 മാർച്ച്, 1984)

# 73. വികസനോന്മുഖ പത്രപ്രവർത്തനം

മലയാളത്തിലെ വികസനോന്മുഖ പത്രപ്രവർത്തനത്തിന് അയ്യായിരം രൂപയുടെ ഒരു അവാർഡ് കേരളസർക്കാർ ഈ വർഷംമുതൽ ഏർപ്പെടുത്തിയിട്ടുണ്ടു്. 1983 ഓഗസ്റ്റ് 9, 10, 11 തീയതികളിലെ 'മലയാള മനോരമ' ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച 'വെളിച്ചം തേടുന്നവർ' എന്ന ഫീച്ചർ എഴുതിയ ശ്രീ ജോജി. ടി. സാമുവലാണ് ഈ അവാഡിനുവേണ്ടി ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്. ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളെ മാത്രമേ ഈ ആണ്ടിൽ അവാർഡിനായി പരിഗണിച്ചിട്ടുള്ളൂ. അടുത്തവർഷംമുതൽ വാരികകളിലെ ലേഖനങ്ങൾക്കും പരിഗണനനൽകുന്നതായിരിക്കും. മലയാളത്തിലെ പത്രപ്രവർത്തനത്തെ കൂടുതൽ ഫലപ്രദവും അർത്ഥപൂർണവുമാക്കുന്നതിനു സർക്കാർ നല്കുന്ന ഈ പ്രോത്സാഹനം ഉപകരിക്കുമെന്നു പ്രതീക്ഷിക്കാം.

എന്താണു വികസനോന്മുഖ പത്രപ്രവർത്തനം? പൊതുവിൽ കരുതപ്പെടുംപോലെ പഞ്ചവത്സരപദ്ധതിയിലോ, ഇരുപതിനപരിപാടിയിലോ മറേറതെങ്കിലും സ്കീമിലോ പെടുത്തി സർക്കാർ നടപ്പിൽ വരുത്തുന്ന ക്ഷേമപ്രവർത്തനങ്ങളുടെ വിവരണവും വിലയിരുത്തലും വികസനോന്മുഖ പത്രപ്രവർത്തനത്തിൽ ഉൾപ്പെടുമെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ, അതുമാത്രമാണു വികസനോന്മുഖ പത്രപ്രവർത്തനമെന്ന ധാരണ, ഈ അവാർഡിനുള്ള അർഹത നിർണയിക്കുന്ന കേരള പ്രസ്സ് അക്കാദമിക്ക് ഇല്ലെന്നു് ഈയാണ്ടിലെ അവാർഡ്നിർണയം തെളിയിക്കുന്നുണ്ടു്. ശ്രീ സാമുവലിൻെറ 'വെളിച്ചം തേടുന്നവർ' എന്ന ഫീച്ചർ സർക്കാരിൻെറ ഏതെങ്കിലും ക്ഷേമപ്രവർത്തനത്തെ ആസ്പദിച്ചുള്ളതായിരുന്നില്ല. നമ്മുടെ നാട്ടിലെ വലിയൊരു മാനുഷിക പ്രശ്നമായ അന്ധതയുടെ ചില സാമൂഹ്യവശങ്ങളെ വിശദീകരിക്കുകയും, ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി ബഹുജനങ്ങളെ കർമോന്മുഖരാക്കുകയും ആയിരുന്നു ശ്രീ സാമുവലിൻെറ ലക്ഷ്യം. കോർണിയ എന്ന നേത്രാവയവത്തിനു കേടുവന്നതുകൊണ്ടുമാത്രം കാഴ്ച നഷ്ടപ്പെട്ടവരാണു നമ്മുടെ നാട്ടിലെ അന്ധരിൽ വലിയൊരു ഭാഗം.

മരിച്ച മനുഷ്യരുടെ കേടുവരാത്ത കോർണിയകൾ എടുത്തു സൂക്ഷിക്കുന്ന നേത്രബാങ്കുകളെപ്പററി ശരിയായ ബോധം ബഹുജനങ്ങൾക്കുണ്ടായാൽ, ഇത്തരം അന്ധന്മാർക്ക് അവശിഷ്ടജീവിതത്തിൽ വെളിച്ചമെന്ന അനുഗ്രഹം കൈവരുന്നതായിരിക്കും. ആകർഷകമായും, ബോധ്യം ഉളവാകത്തക്കവിധത്തിലും, ഈ വസ്തുത പ്രതിപാദിക്കുവാനാണ് തന്റെ ലേഖനത്തിൽ ശ്രീ സാമുവൽ ഉദ്യമിച്ചിരുന്നതു്. ഈ യത്നത്തിൽ കൈവന്ന വിജയമാണ് അദ്ദേഹത്തെ സ്പൃഹണീയമായ ഈ അവാർഡിന് അർഹനാക്കിയതും.

വികസനമെന്നാൽ സാമ്പത്തികാവൃദ്ധി ആണെന്ന ധാരണ ഏതാനും വർഷങ്ങൾക്കുമുമ്പ് അവികസിതരാജ്യങ്ങളിൽ പൊതുവേ നിലനിന്നിരുന്നു. രാജ്യത്തിലെ മൊത്തം ഉല്പാദനവും, തൽഫലമായി ജനങ്ങളുടെ പ്രതിശീർഷവരുമാനവും ഉയർത്തുകയാണ് വികസനമെന്നു് ആസൂത്രകർ വിശ്വസിച്ചതിൽ അത്ഭുതമില്ല. നിക്ഷേപിക്കപ്പെടുന്ന മൂലധനത്തിന്റെ തുകവച്ചു വികസനത്തെയും, മാർച്ച് 30—നു മുമ്പ് ചെലവഴിക്കപ്പെടുന്ന പണത്തിന്റെ തുകവച്ച് സർക്കാർ വകുപ്പുകളുടെ വികസനയത്നങ്ങളെയും വിലയിരുത്തുക എളുപ്പമാണല്ലോ. ഈ തോതുവച്ചു മാസത്തിൽ പത്തു രൂപ വരുമാനമുണ്ടായിരുന്ന ഒരാളുടെ വരുമാനം മാസത്തിൽ ഇരുപതു രൂപയായി വർദ്ധിച്ചാൽ, അയാൾ 'വികസിച്ചു' എന്നു കണക്കാക്കേണ്ടിവരും. അങ്ങനെ കണക്കാക്കുവാൻ രാഷ്ട്രീയപ്രവർത്തകർക്കു സന്തോഷവുമായിരുന്നു.

പക്ഷേ, നാണയം വെറുമൊരു പ്രതീകം മാത്രമാണെന്നും, നാണയം കൊണ്ടു നേടാവുന്ന ഭൗതികസാമഗ്രികളുടെ അളവിലുണ്ടാകുന്ന വർദ്ധനമാത്രമേ വികസനമാവുകയുള്ളു എന്നുമുള്ള യാഥാർത്ഥ്യം ഏറെ താമസിയാതെ പരക്കെ ബോധ്യപ്പെട്ടു. ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേററുകയാണു വികസനം എന്ന ധാരണ ഇന്നു രൂഢമൂലമായിട്ടുണ്ട്. ഈ ധാരണയിൽനിന്നു് ഉത്ഭവിച്ചവയാണ് ഇരുപതിനപരിപാടികളും മററും. ആവശ്യാധിഷ്ഠിത—മിനിമം—വേതനത്തിനുവേണ്ടി ശമ്പളജീവിവർഗങ്ങൾ നടത്തുന്ന പ്രക്ഷോഭണങ്ങളുടെ അടിയിലുള്ളതും ഇതേ ധാരണയാകുന്നു.

ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേററുന്നതിൽ സർക്കാർ എത്രമാത്രം വിജയിക്കുകയോ, പരാജയപ്പെടുകയോ ചെയ്യുന്നുണ്ട് എന്നു ചൂണ്ടിക്കാണിക്കുകയാണു വികസനോന്മുഖ പത്രപ്രവർത്തനമെന്നത്രേ ഇന്നു പത്രപ്രവർത്തകർക്കിടയിൽ സാമാന്യമായി വേരൂന്നിക്കഴിഞ്ഞിട്ടുള്ള ധാരണ. ഏതെങ്കിലുമൊരു പ്രത്യേക നിർമാണപ്രവർത്തനത്തിന്—ഉദാ. ഒരു അണക്കെട്ട്—നിശ്ചിത കാലാവധിക്കകം എത്ര പണം ചെലവഴിച്ചു എന്നു കാണിച്ച് ഒരു പ്രസ്സ് നോട്ട് ഇറക്കിയാൽ ഗവൺമെൻറിന്റെ ഇൻഫർമേഷൻവകുപ്പ് അതിന്റെ കർത്തവ്യം നിർവഹിച്ചതായി കരുതപ്പെടും. എന്നാൽ, ഈ ധനനിക്ഷേപത്തിൻഫലമായി ജനജീവിതത്തിൽ എന്തു മാററമുണ്ടായി എന്നു സോദാഹരണം പ്രതിപാദിക്കുന്നതേ വികസനോന്മുഖ പത്രപ്രവർത്തനമാവുകയുള്ളു. അതായതു്, സർക്കാർ പണം ചെലവുചെയ്തു നിർമിച്ച അണക്കെട്ടിൽ വെള്ളമുണ്ടോ എന്നും, ആ വെള്ളം വേണ്ടസമയത്തു കർഷകർക്കു ലഭിക്കുന്നുണ്ടോ എന്നും, ജലസേചനസൗകര്യങ്ങൾ വർദ്ധിച്ചതിൻ ഫലമായി കർഷകർ കൂടുതൽ വിളവ് ഉല്പാദിപ്പിക്കുന്നുണ്ടോ എന്നും, അധികോല്പാദനത്തിന്റെ ഫലമായ സമൃദ്ധി രാജ്യത്തിലെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ എങ്ങനെ പങ്കിടപ്പെടുന്നു എന്നും വിശദമായി വിവരിക്കുകയും, ഈ പ്രവർത്തനത്തിലെ കോട്ടങ്ങളെ—ഉദാഹരണത്തിന് അണക്കെട്ടുനിർമാണത്തിലെ അപാകതകൾ, വെള്ളം വിട്ടുകൊടുക്കേണ്ട ഉദ്യോഗസ്ഥന്മാർക്കിടയിലെ

കൈക്കൂലി, കർഷകരുടെ സാങ്കേതികവിജ്ഞാനരാഹിത്യവും തൽഫലമായും മൂലധനം ലഭ്യമല്ലാത്തതിനാലുംമററും കൃഷിയെ ആധുനികീകരിക്കുന്നതിൽ അവർക്കു നേരിടുന്ന പരാജയം, അധികപ്പലിശയും പലതരം തട്ടിപ്പുകളുംനിമിത്തം കർഷകർക്കിടയിൽ സാർവത്രികമായ സാമ്പത്തികത്തകർച്ച മുതലായവയെ—കാര്യകാരണസഹിതം തുറന്നുകാട്ടി അവയ്ക്കുള്ള പരിഹാരങ്ങൾ നിർദേശിക്കുകയും ആണ് 'വികസനോന്മുഖ പത്രപ്രവർത്തനം' എന്നതുകൊണ്ടു് ഇപ്പോൾ പൊതുവേ ഉദ്ദേശിക്കപ്പെടുന്നതു്.

വികസനത്തിന്റെ സാമ്പത്തികാടിസ്ഥാനത്തെപ്പററിയും ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങളെപ്പററിയും നിലവിലുള്ള കാഴ്ചപ്പാടിൽ പ്രസ്താവാർഹമായ മാററം വരുത്തുന്നതിനു് 'ജീവിതമേന്മ' (ക്വാളിററി ഓഫ് ലൈഫ്) എന്ന സങ്കല്പനം അടുത്തകാലത്തു് ഉതകുകയുണ്ടായി. വരുമാനം വർദ്ധിച്ചതുകൊണ്ടുമാത്രം ജനജീവിതത്തിന്റെ 'മേന്മ' ഉയർന്നുകൊള്ളണമെന്നില്ല. മറെറാരു വിധത്തിൽ പറഞ്ഞാൽ, വികസനത്തെ അളക്കേണ്ടതു് ജനങ്ങളുടെ പ്രതിശീർഷവരുമാനത്തിൽ ആണ്ടോടാണ്ടു് ഉണ്ടാവുന്ന ശതമാനവളർച്ചയെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല. ജീവിതമേന്മയ്ക്കു് അനുപേക്ഷണീയമായ ജനങ്ങളുടെ ആരോഗ്യം, കാര്യങ്ങൾ ശരിയായ രൂപത്തിൽ കാണാനുള്ള അവരുടെ കഴിവു്, ഫലപ്രദമായി അദ്ധ്വാനിക്കുന്നതിനുള്ള അവരുടെ ശേഷി, സാംസ്കാരികമായി ജനങ്ങൾ നേടുന്ന പുരോഗതി, ജീവിതത്തിൽനിന്നു് അവർ ഉൾക്കൊള്ളുന്ന സന്തുഷ്ടി മുതലായവയുടെ അടിസ്ഥാനത്തിൽവേണം വികസനപ്രവർത്തനങ്ങളെ വിലയിരുത്തുവാൻ. ഈ മൂല്യങ്ങളിൽ പലതും സംഖ്യാപരമായി (അതായതു് ശാസ്ത്രീയമായി) അളന്നു തിട്ടപ്പെടുത്തുവാൻ കഴിയുന്നവയല്ല എന്നതു ശരിതന്നെ. എങ്കിലും, നാട്ടിലെ ജനങ്ങളുടെ ശരാശരി ആയുസ്സു്, ശിശുമരണനിരക്കു്, ആസ്പത്രിക്കട്ടിലുകളുടെയും ആരോഗ്യസേവകരുടെയും എണ്ണം മുതലായവകൊണ്ടു ജനങ്ങളുടെ ആരോഗ്യത്തെ പൊതുവിൽ മതിക്കാൻ കഴിയും. അതുപോലെ സാക്ഷരത, പത്രങ്ങളുടെയും മററു് ആനുകാലികങ്ങളുടെയും പുസ്തകങ്ങളുടെയും പ്രചാരം, ടെലിവിഷൻ—റേഡിയോ സെററുകളുടെ എണ്ണം, ഗ്രന്ഥശാലകളിലെ അംഗങ്ങളുടെയും വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും എണ്ണം മുതലായവയിൽനിന്നു ജനങ്ങളുടെ ബുദ്ധിശക്തിയെയും സാംസ്കാരികനിലവാരത്തെയുംപററി ചില ധാരണകൾ രൂപവൽക്കരിക്കാവുന്നതേയുള്ളു. ആണ്ടിൽ എത്ര ദിവസങ്ങളിൽ ജനങ്ങൾ ഫലപ്രദമായി വേല ചെയ്തിട്ടുണ്ടു് എന്നതിൽ നിന്നു്, ജീവിതമേന്മയെ സംബന്ധിച്ച പല നിഗമനങ്ങളും സാധ്യമാണു്.

ജനങ്ങളുടെ അടിസ്ഥാന—സാമ്പത്തികആവശ്യങ്ങളിലെന്നപോലെ അവരുടെ 'ജീവിതമേന്മ'യിൽക്കൂടി ശ്രദ്ധ കേന്ദ്രീകരിക്കുമ്പോഴേ വികസനോന്മുഖ പത്രപ്രവർത്തനം 'മനുഷ്യതാല്പര്യം' ആർജിക്കുകയുള്ളു. ഉദാഹരണത്തിനു് മദ്യനിർമാണത്തിലും മദ്യവ്യാപാരത്തിലും അടുത്തകാലത്തു് ഇന്ത്യയിലുണ്ടായ അഭിവൃദ്ധി, തൽഫലമായി സർക്കാരിനു കൈവന്ന സാമ്പത്തികനേട്ടം, ജനങ്ങൾക്കുണ്ടായിട്ടുള്ള തൊഴിലവസരങ്ങൾ മുതലായ കാര്യങ്ങൾ എത്ര ആഴത്തിൽ വിവരിച്ചാലും, അതു വികസനോന്മുഖ പത്രപ്രവർത്തനമാവുകയില്ല. അതേസമയം, പുതിയ 'മദ്യനയ'ത്തിൻഫലമായി വ്യാജമദ്യവ്യാപാരം സാർവത്രികമായിത്തീർന്നതിന്റെ ദുരന്തങ്ങൾ കാര്യകാരണസഹിതം ചൂണ്ടിക്കാണിച്ചു്, ഈ തിന്മയ്ക്കെതിരെ പൊരുതുവാൻ ജനങ്ങളെയും, ഫലപ്രദമായ നടപ

ികൾ കൈക്കൊള്ളാൻ സർക്കാരിനെയും, പ്രേരിപ്പിക്കുന്ന പത്രലേഖനങ്ങൾ, തീർച്ചയായും, വികസനോന്മുഖമെന്ന പരിഗണിക്കപ്പെടും.

വികസനോന്മുഖ പത്രപ്രവർത്തനം പ്രവൃത്ത്യുന്മുഖ (ആക്ഷൻ ഓറിയന്റഡ്) പത്രപ്രവർത്തനംകൂടിയാണ്. ഇന്ത്യപോലുള്ള ദരിദ്ര രാജ്യങ്ങളിൽ സർക്കാരിന്റെ വീഴ്ചകൾ പത്രങ്ങളിലൂടെ ചൂണ്ടിക്കാട്ടുന്നതുകൊണ്ടുമാത്രം വലിയ പ്രയോജനമൊന്നും ഉണ്ടായിക്കൊള്ളണമെന്നില്ല. പത്രലേഖനങ്ങളിലൂടെ ഫോക്കസിൽ നിർത്തപ്പെടുന്ന പ്രശ്നങ്ങളെ ആധാരമാക്കി ഫലപ്രദമായി ബഹുജനപ്രവർത്തനം തുടർന്ന് ഉണ്ടായാൽ മാത്രമേ, മിക്കപ്പോഴും, സർക്കാരിൽനിന്ന് എന്തെങ്കിലും നടപടി ഉണ്ടാകൂ. വികസനോന്മുഖ പത്രപ്രവർത്തനത്തിന്റെ ലക്ഷ്യം ബഹുജനങ്ങളുടെ ബോധവൽക്കരണമാകുന്നു. അതേസമയം, ഉദ്ബുദ്ധത കൈവരിച്ച ജനങ്ങൾക്ക സംഘടിതപ്രവർത്തനത്തിനുള്ള പ്രായോഗികമാർഗം നിർദേശിക്കുകയും, ഈ വഴിക്ക പ്രവർത്തിക്കുന്ന ജനങ്ങൾക്ക് അനുസ്യൂതമായ പിന്തുണ നൽകുകയും ചെയ്യേണ്ടതുകൂടി ഇന്ത്യപോലുള്ള ദരിദ്രരാജ്യങ്ങളിലെ വികസനോന്മുഖ പത്രപ്രവർത്തകരുടെ ചുമതലയത്രേ. പക്ഷേ, നമ്മുടെ പത്രപ്രവർത്തകർ ഇത്തരം അനുസ്യൂത—ജനകീയപ്രവർത്തനത്തിൽ വിശ്വസിക്കുന്നതായി തോന്നുന്നില്ല. സംഭവങ്ങളുടെ, വൈകാരികവശത്തിലാണ്, സാമൂഹ്യപ്രശ്നങ്ങളുടെ പരിഹാരത്തിലല്ല, പത്രലേഖകരുടെ നോട്ടം എന്നു തോന്നുന്നു. പത്രങ്ങൾക്ക് ഉടൻ കൂടുതൽ പ്രചാരം കൈവരുത്തുക എന്നതാണു നമ്മുടെ 'അന്വേഷണ(ഇൻവെസ്ററിഗേററീവ്) റിപ്പോർട്ടി'ങ്ങിന്റെ മുഖ്യലക്ഷ്യം. ഈ ലക്ഷ്യത്തിൽനിന്നു നാം എത്രയോ അധികം മുന്നോട്ടു പോവേണ്ടതുണ്ട്. അർത്ഥവത്തായ സമൂഹസേവനമായി തങ്ങളുടെ തൊഴിലിനെ പത്രപ്രവർത്തകർ (പത്രമുടമകളും) കാണുമ്പോൾ മാത്രമേ വികസനാത്മകപത്രപ്രവർത്തനത്തിൽനിന്നു ബഹുജനക്ഷേമത്തെ ഉദ്ദേശിച്ചുള്ള പ്രസ്ഥാനങ്ങൾ, ക്യാമ്പെയിനുകളും ക്രൂസൈഡുകൾപോലും, ഇന്നാട്ടിൽ രൂപംകൊള്ളുകയുള്ളു.

പത്രപ്രവർത്തനത്തിന്റെ ഈ സേവനാത്മകമുഖത്തെപ്പററി ഗൗരവപൂർവം ചിന്തിക്കാനുള്ള പ്രേരണ, വികസനാത്മക പത്രപ്രവർത്തനത്തിനുള്ള കേരള ഗവണ്മെൻറിന്റെ വാർഷികബഹുമതിയുടെ ഫലമായി, നമ്മുടെ യുവപത്രപ്രവർത്തകരിൽ ഉളവാകുമാറാകട്ടെ.

(20 ഏപ്രിൽ, 1984)

# 74. ഫീച്ചർ

രാത്രി നടന്ന ദാരുണമായ ഇരട്ടക്കൊലപാതകത്തെപ്പററി വാരികയുടെ പത്രാധിപർ കേട്ടതു് രാവിലെ റേഡിയോവിൽ പ്രക്ഷേപണംചെയ്യപ്പെട്ട പ്രാദേശികവാർത്തകളിൽനിന്നാണ്. കേട്ടപ്പോൾ രസം തോന്നി. തനിക്ക രസിച്ചതു വായനക്കാർക്ക രസിക്കാതിരിക്കുമോ? ടെലിഫോൺ എടുത്തു പത്രാധിപർ മുഖ്യറിപ്പോർട്ടറെ വിളിച്ചു. കൊലയെപ്പററി ഒരു ഫീച്ചർ വേണം. റിപ്പോർട്ടർ കിടക്കയിൽനിന്ന് എഴുന്നേററിരുന്നില്ല. ഉറക്കം ഒട്ടേറെ ബാക്കി. പക്ഷേ, കടിശ്ശിക തീർക്കാൻ നേരമെവിടെ? എഴുന്നേററു്, പ്രഭാതകൃത്യങ്ങൾ കഴിച്ചുവെന്നുവരുത്തി, സ്കൂട്ടർ എടുത്തു് റിപ്പോർട്ടർ പുറപ്പെട്ടു. വഴിക്ക ഫോട്ടോഗ്രാഫറെയും കൂട്ടി, പോലീസ്സ്റ്റേഷനിൽ പാഞ്ഞെത്തി.